പാഠം 9

# വിദ്യാഭ്യാസവും സഭയും

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ലൂക്കൊസ് 10:30–37; മത്തായി 5:14–16; ലൂക്കൊസ് 4:18–23; യിരെ. 29:13; മത്തായി 7:7; 1 തെസ്സ. 2:6–8**

**മനഃപാഠവാക്യം: "ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന അവസ്ഥയ്ക്കു ഘനത്തോടെയിരിപ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ മനുഷ്യരോട്, നിങ്ങളോടാകട്ടെ മറ്റുള്ളവരോടാകട്ടെ മാനം അന്വേഷിച്ചില്ല; ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റുംപോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചുകൊണ്ട് നിങ്ങൾക്ക് ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനും കൂടെ വച്ചുതരുവാൻ ഒരുക്കമായിരുന്നു" (1 തെസ്സ. 2:6–8).**

ദൈവത്തെ ആരാധിപ്പാനായി വിശ്വസ്തർ കൂടിവന്ന ആദിമ സമയം മുതൽ – ജൂത പള്ളികളിലും, ഭവനങ്ങളിലും, സഭകളിലും – അവരുടെ തിരുവെഴുത്തുകളുടെ പഠനത്തിലൂടെയും ആരാധനയിലൂടെയും ദൈവത്തെ അറിയുവാനും അവരുടെ ജീവിതങ്ങൾക്കായുള്ള അവന്റെ ഇഷ്ടം അറിയുവാനും കാംക്ഷിച്ചവരെ വേദപുസ്തകം വെളിപ്പെടുത്തുന്നു. ഗൗരവമേറിയതും കാര്യമാത്രപ്രസക്തവുമായ ചർച്ചകൾ നടക്കേണ്ട സ്ഥലമാണ് സഭ എന്നും വേദപുസ്തകം തുടരെത്തുടരെ വെളിപ്പെടുത്തുന്നു, ദൈവത്തെക്കുറിച്ചുള്ള അവരുടെ ജ്ഞാനത്തിൽ വളരുകയും അവരുടെ ജീവിതങ്ങളെക്കുറിച്ചുള്ള അവരുടെ ഇഷ്ടം അറികയും ചെയ്യാനുള്ള ഇടം.

ചിലപ്പോഴൊക്കെ നമുക്ക് ചോദ്യങ്ങൾ ചോദിക്കുവാൻ ഭയമാണ്. എന്നിരുന്നാലും വേദപുസ്തകത്തിൽ നാം മിക്കപ്പോഴും കാണുന്നത് ദൈവത്തെക്കുറിച്ചുള്ള ഒരു വ്യക്തമായ തിരിച്ചറിവ് ജനങ്ങൾക്കുണ്ടാകുവാനാണ് ചോദ്യങ്ങൾ ചോദിക്കപ്പെടുന്നതെന്നാണ്. ഇതേ രീതിയിൽ, വേദപുസ്തകത്തിലുടനീളം കഥകൾ ഉപയോഗിക്കപ്പെടുന്നത് അവരുടെ സമർപ്പണങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ഒരു പുനർചിന്തനം ചെയ്യാനുള്ള അവസരം സൃഷ്ടിക്കുവാനാണ്. അവന്റെ അനുയായികളിലും ശിഷ്യന്മാരിലും ഈ രീതിയിലുള്ള വിദ്യാഭ്യാസത്തിനാണ് യേശു പ്രത്യേകമായി ഊന്നൽ നൽകിയത്.

സഭ വിദ്യാഭ്യാസത്തിന്റെ ഒരു ഇടമായിരിക്കണമെങ്കിൽ, അത് ന്യായമായ സംഭാഷണം നടക്കുവാനുള്ള ഇടം നൽകണം. പാഠശാലകളിൽ വിദ്യാർത്ഥികളെന്ന നിലയിൽ നമ്മോട് ആവർത്തിച്ച് പറഞ്ഞിരുന്ന ഒരു കാര്യമുണ്ട്, "വിവേകശൂന്യമായ ഒരു ചോദ്യവും ഇല്ല," അവരുടെ ജീവിതങ്ങളെക്കുറിച്ചുള്ള അവന്റെ പദ്ധതിയെയും ദൈവത്തെക്കുറിച്ച് മനസ്സിലാക്കിയും കൃപയിൽ വളരുവാനുമുള്ള ഒരു സുരക്ഷിതമായ അന്തരീക്ഷവും നാം സഭയ്ക്കുള്ളിൽ ഓരോ വ്യക്തിക്കും നൽകണം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 28 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## യഥാർത്ഥ ക്രിസ്തീയ വിദ്യാഭ്യാസം

തന്റെ ക്ലാസ്മുറിയിൽ ഉറക്കം തൂങ്ങിയ കണ്ണുകളുമായിരുന്ന ചെറുപ്പക്കാരോട് ഒരു ചോദ്യം ചോദിച്ച റബ്ബിയുടെ ഒരു കഥ പറഞ്ഞിട്ടുണ്ട്, "വിദ്യാർത്ഥികളേ, രാത്രി അവസാനിച്ചുവെന്നും പകൽ വന്നെത്തിയെന്നും എപ്പോഴാണ് ഒരുവൻ അറിയുന്നത്?"

നിരവധി വിദ്യാർത്ഥികൾ ജാഗ്രതയോടെ കൈകളുയർത്തി, "റബ്ബീ", ഒരുവൻ ചോദിച്ചു, "ഒരു ഒലിവുമരത്തിന്റെയും ഒരു അത്തിവൃക്ഷത്തിന്റെയും വ്യത്യാസം നിങ്ങൾക്ക് പറയാനാകുമ്പോഴാണോ അത്?" "അല്ല."

മറ്റൊരു വിദ്യാർത്ഥി അവന്റെ കരമുയർത്തി: "റബ്ബീ, ഒരു ആടിന്റെയും ഒരു ചെമ്മരിയാടിന്റെയും വ്യത്യാസം നിങ്ങൾക്ക് പറയാനാകുമ്പോഴാണോ അത്?"

നിരവധി ഉത്തരങ്ങൾ ശ്രദ്ധിച്ചശേഷം, റബ്ബി പ്രഖ്യാപിച്ചു, "വിദ്യാർത്ഥികളേ, രാത്രി അവസാനിച്ചുവെന്നും പകൽ ആരംഭിച്ചുവെന്നും ഒരുവന് പറയാനാകുക നിങ്ങൾ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു മുഖത്ത് നോക്കി ആ അപരിചിതനെ ഒരു സഹോദരനോ സഹോദരിയോ ആയി തിരിച്ചറിയാനാകുമ്പോഴാണ്. ആ നിമിഷം വരെ, പകൽ എത്ര പ്രകാശമാനമായാലും, അത് അപ്പോഴും രാത്രിയാണ്."

**ലൂക്കൊസ് 10:30–37 വായിക്കുക. ഈ കഥകൊണ്ട് യേശു ഉദ്ദേശിച്ച കാര്യം എന്താണ്? ഏതൊരു ശരിയായ ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെയും ഭാഗം എന്തായിരിക്കണം എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്ത് പറയണം?**

സെവെന്ത്-ഡേ അഡ്വെന്റിസ്റ്റുകാരെന്ന നിലയിൽ, നാം വിശ്വാസപ്രമാണത്തിന്റെയും സത്യത്തിന്റെയും ഒരു സമൃദ്ധിയാൽ അനുഗ്രഹിക്കപ്പെട്ടവരാണ് (മരിച്ചവരുടെ അവസ്ഥ, ശബ്ബത്ത്, 1844 ഉം ന്യായവിധിയും, വൻപോരാട്ടം എന്നീ ഏതാനും ഉപദേശങ്ങൾ പേരെടുത്ത് പറയാനുണ്ട്) ക്രൈസ്തവ ലോകത്തിലെ മിക്കവർക്കും ഇതുവരെ മനസ്സിലായിട്ടില്ലാത്തവ. എന്നിട്ടുകൂടി, ഈ സത്യങ്ങൾ എത്ര സുപ്രധാനമായിരുന്നാലും, നാം മനുഷ്യരോട് ദയയില്ലാത്തവരാണെങ്കിൽ, നാം മറ്റുള്ളവരോട് മുൻവിധി കാണിക്കുന്നുവെങ്കിൽ, നമ്മുടെ സാഹചര്യങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ പക്ഷപാതങ്ങൾ മറ്റുള്ളവരെ താണവരായി കണക്കാക്കുവാൻ കാരണമായാൽ അവ എന്ത് നന്മയാണ് നമുക്ക് ചെയ്യുന്നത്?

യഥാർത്ഥ ക്രിസ്തീയ വിദ്യാഭ്യാസം, മറ്റൊന്നുമില്ലെങ്കിലും, നമ്മെ ഈ മാനുഷിക ബലഹീനതകൾക്കും, തിന്മകൾക്കും മീതെ ഉയർന്ന്, മറ്റുള്ളവരെ ക്രിസ്തു കാണുന്നതുപോലെ കാണുവാൻ കാരണമാകണം. അവർക്കുവേണ്ടിയാണ് അവൻ മരിച്ചത്, അവരുടെ പാപങ്ങളാണ് അവൻ ക്രൂശിൽ വഹിച്ചത്, അവർക്കുവേണ്ടി അവൻ അനന്തമായ വില നൽകി. നാം ചെയ്യേണ്ടുന്നപോലെ നാം ക്രൂശിനെ ഉയർത്തിക്കാണിക്കുമ്പോൾ നാം ഓരോ മനുഷ്യജീവിയുടെയും വിലയും മൂല്യവും കാണുകയും, ശ്രേഷ്ഠമായി, അവർ അർഹിക്കുന്നപോലെ അവരെ കണക്കാക്കുകയും ചെയ്യും, ദൈവം അവർക്കു മേൽ വച്ച മൂല്യത്തിനു തുല്യമായി. ക്രിസ്തീയ വിദ്യാഭ്യാസം ഈ ഉപദേശം ഉൾപ്പെടുത്തണം അല്ലെങ്കിൽ "ക്രിസ്ത്യാനി" എന്ന പേരിന് അർഹതയില്ല.

**ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അതിന് മുകളിൽ ഉയരേണ്ട എന്ത് മുൻവിധികളാണ് നിങ്ങളുടെ സമൂഹമോ സംസ്കാരമോ പഠിപ്പിക്കുന്നത് ഗോപ്യമായോ പരസ്യമായോ?**

## വെളിച്ചമായി ജീവിക്കാൻ വിളിക്കപ്പെട്ടു

നാം നോക്കുന്നിടത്തെല്ലാം, നമ്മുടെ ഗ്രഹം ഇരുളിനു പകരം വെളിച്ചം കൈമാറിക്കൊണ്ട് തിരിയുന്നതായി തോന്നുന്നു. എന്നിട്ടും, ഈ വെല്ലുവിളി നിറഞ്ഞതും ബുദ്ധിമുട്ടേറിയതുമായ ലോകത്തിൽ നമ്മുടെ സ്വന്തം അനുഭവങ്ങൾ കണക്കിലെടുക്കുമ്പോൾ നാം അന്ധകാരത്തെ നമ്മുടെ ഭവനത്തിന് വളരെ അടുത്തായി മുഖാമുഖം കാണുന്നു. കാരണം നാമും, ഈ ജീവിതം നൽകുന്ന ഭീകരതകൾ മനസ്സിലാക്കുന്നു, നാം രോഗങ്ങളുമായി മല്ലടിക്കുമ്പോഴും, സ്നേഹഭാജനങ്ങളുടെ നഷ്ടം നേരിടുമ്പോഴും, വിവാഹമോചനത്തിനും വേർപെടലിനും കുടുംബങ്ങൾ വിധേയമാകുമ്പോൾ, നമ്മുടെ സംസ്കാരത്തിലും സമൂഹത്തിലും ഉള്ള അനേകം ചീത്തകാര്യങ്ങൾക്ക് അർത്ഥം കണ്ടെത്താൻ നാം പാടുപെടുന്നു.

എന്നിട്ടുകൂടി, ആത്മീയ അന്ധകാരത്തിന്റെയും ധാർമ്മിക പാപ്പരത്വത്തിന്റെയും ഈ ഭൂദൃശ്യത്തിനു നടുവിൽ, ആന്തരികവും ബാഹ്യവുമായ ശബ്ദകോലാഹലത്തിനിടയിലും നാം ഓരോരുത്തരോടുമുള്ള യേശുവിന്റെ വാക്കുകൾ കേൾക്കുന്നു:

**"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല; വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രേ വയ്ക്കുന്നത്; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:14–16).**

**നാം എങ്ങനെയാണ് ജീവിക്കേണ്ടതെന്നും ക്രിസ്ത്യാനികളെന്ന നിലയിൽ നാം ചെയ്യുന്നത് മറ്റുള്ളവർ ദൈവത്തെ കാണുന്നതിന് എങ്ങനെ സ്വാധീനിക്കുന്നു എന്നും ഈ വാക്യങ്ങൾ നമ്മെ എന്ത് പഠിപ്പിക്കുന്നു?**

ഉച്ചസൂര്യന്റെ കീഴിൽ ഗലീലക്കടൽക്കരയിൽ ഇരുന്ന്, എങ്ങനെയായിരിക്കും യേശുവിന്റെ ശ്രോതാക്കൾ അവന്റെ വാക്കുകൾ മനസ്സിലാക്കിയിട്ടുണ്ടാവുക? അവന്റെ വാക്കുകൾ കേട്ട സകലർക്കും വെളിച്ചത്തെയും അന്ധകാരത്തെയും കുറിച്ച് സകലവും അറിയാമായിരുന്നു. തീർച്ചയായും അവർക്ക് വളരെയധികം ഇരുട്ടിനെ പേടിക്കാനുണ്ടായിരുന്നു. അവർ റോമാ അധികാരത്തിൻ കീഴിലായിരുന്നു, ഒരു സൈനിക അധീനതയിലുള്ള സമൂഹത്തിൽ വേൾഡ് വൈഡ് വെബ്ബിന്റെയോ (www), കമ്പ്യൂട്ടറുകളുടെയോ, ടെലിഫോണുകളുടെയോ അഭാവം ഉണ്ടായിട്ടുകൂടി, അനേക രീതികളിൽ അവർ നമ്മെപ്പോലെതന്നെ കാര്യക്ഷമതയുള്ളവരായിരുന്നു. പ്രശ്നം ഉണ്ടാക്കണം എന്ന് നിർബന്ധം പിടിക്കുന്നവർ വേഗത്തിൽ പീഡകന്മാർക്കരികിലേക്കും – ഒരു റോമാക്കുരിശിൽ വിവസ്ത്രരായി നഗ്നമായ മരണത്തിലേക്കും എത്തിച്ചേരുമെന്ന് കുന്നിൻചരിവിലുള്ള ജനക്കൂട്ടത്തെ ഓർപ്പിച്ചുകൊണ്ട് റോമാക്കാർ എല്ലായിടവുമുണ്ടായിരുന്നു.

എന്നിട്ടുകൂടി, വെളിച്ചമായി ജീവിക്കാൻ അവരോട് ആഹ്വാനം ചെയ്തുകൊണ്ട്, യേശു ഇവിടെ ഉണ്ടായിരുന്നു. കരുണയുള്ളവരും ഹൃദയശുദ്ധിയുമുള്ളവരായിരിപ്പാൻ. സമാധാനം ഉണ്ടാക്കുന്നവരായിരിപ്പാൻ. അങ്ങനെയെങ്കിൽ, ക്രിസ്തീയ വിദ്യാഭ്യാസം, ലോകത്തിൽ വെളിച്ചങ്ങളായിരിപ്പാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് ഉൾപ്പെടുത്തണം, മറ്റുള്ളവർക്ക് ദൈവത്തിന്റെ നന്മയും യാഥാർത്ഥ്യവും വെളിപ്പെടുത്തുന്ന വിധം തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും എടുക്കാൻ അവർ കഴിവുള്ളവരായിത്തീരണം.

**ദൈവത്തിന്റെ നന്മയിലേക്കും യാഥാർത്ഥ്യത്തിലേക്കും മറ്റുള്ളവരെ നിശ്ചയമായി ചൂണ്ടിക്കാട്ടാൻ നമുക്ക് കഴിയുന്ന വഴികൾ എന്തൊക്കെയാണ്?**

## ശിഷ്യരെപ്പോലെ ജീവിക്കുന്നു

ക്രിസ്തീയ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു ശക്തിയായിരിക്കണം എന്നതിൽ സഭയ്ക്ക് ഗൗരവമുണ്ടെങ്കിൽ, നാം യേശുവിൽ ആരംഭിക്കണം എന്നത് അത്യാവശ്യമാണ്. യേശു ശിഷ്യന്മാരെ വിളിച്ചു. അവൻ സുവിശേഷ പ്രവർത്തനം ചെയ്യാൻ അവരെ പരിശീലിപ്പിച്ചത് അവരോടൊത്ത് നടന്നുകൊണ്ടാണ്. അവർ സ്നേഹിക്കുകയും കരുതുകയും ചെയ്യേണ്ട മനുഷ്യരുടെ ജീവിതങ്ങളിൽ ഉൾപ്പെടുന്നതിന് യേശു അവർക്ക് അവസരം ഒരുക്കി. ജനങ്ങൾ അന്യോന്യം സഹോദരീസഹോദരന്മാരായി കരുതുമ്പോൾ ചെയ്യുമ്പോൾ ഈ ലോകം എങ്ങനെ ആയിരിക്കാം എന്ന അവന്റെ ദർശനത്താൽ യേശു അവരെ ദിനംപ്രതി വെല്ലുവിളിച്ചു.

**ലൂക്കൊസ് 4:18–23 വായിക്കുക. അവന്റെ അനുയായികൾ എന്ന നിലയിൽ നമ്മോട് എല്ലാം ഉള്ള ക്രിസ്തുവിന്റെ സന്ദേശം എന്താണ്?**

അവരുടെ ഗുരുവായിരുന്ന യേശു രാജ്യത്തിന്റെ ആദർശങ്ങൾ ജീവിച്ചു കാണിച്ചത് മൂന്ന് വർഷത്തോളം ശിഷ്യന്മാർ നിരീക്ഷിച്ചു – നസറെത്തിലെ ജൂതപള്ളിയിൽ അവന്റെ ആദ്യപ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു ആ ആദർശങ്ങൾ. ക്ഷമയും, കൃപയും, സ്നേഹവും ഏകാന്തതയോടും, സമർപ്പണത്തോടും, ബുദ്ധിമുട്ടുകളോടും കൈകോർത്തു നടന്നു. ഒരു പാഠം പഠിക്കാനുണ്ടായിരുന്നെങ്കിൽ, അത് ശിഷ്യത്വം ഒരുവൻ ലഘുവായി കാണേണ്ട കാര്യമല്ല എന്ന പാഠമായിരുന്നു. നിങ്ങൾ ജീവിതകാലം മുഴുവൻ ഒരു ശിഷ്യനാണ് – ഒരു ദിവസത്തേക്കു മാത്രമല്ല.

“ശിഷ്യന്മാരോടുള്ള രക്ഷകന്റെ ദൗത്യം... കാലാന്ത്യത്തോളം സകല വിശ്വാസികളെയും ഉൾപ്പെടുത്തുന്നു... സ്വർഗ്ഗീയ പ്രചോദനം വന്നു ചേർന്നിട്ടുള്ള സകലരെയും സുവിശേഷത്തിന്റെ ദൗത്യം ഭരമേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ ജീവൻ ലഭിച്ച സകലരും സഹജീവികളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുവാൻ അഭിഷേകം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ വേലയ്ക്കായാണ് സഭ സ്ഥാപിതമായത്, അതിന്റെ പവിത്രമായ പ്രതിജ്ഞകൾ സ്വയം ഏറ്റെടുക്കുന്നവരെല്ലാം അതിനാൽ തന്നെ ക്രിസ്തുവിനോടൊത്ത് കൂട്ടുവേലക്കാരായിരിക്കാൻ പ്രതിജ്ഞാബദ്ധരാണ്” – E. G. White, The Desire of Ages, p. 822.

യേശുവിന്റെ ശിഷ്യന്മാരെന്ന നിലയിൽ, നമ്മുടെ ആരാധനയുടെയും കൂട്ടായ്മയുടെയും കേന്ദ്രം എപ്പോഴും യേശുവായിരിക്കണം എന്ന് നാം ഇന്ന് ഉറപ്പാക്കേണ്ടതുണ്ട്. ശിഷ്യത്വം കണ്ടുപിടിച്ചത് യേശുവാണെന്ന് ഓർക്കുന്നത് നല്ലതാണ്. അവന്റെ കാലത്തെ റബ്ബിമാർ അനുയായികളെ ആകർഷിച്ചിരുന്നുവെങ്കിലും, യേശുവാണ് സ്ത്രീപുരുഷന്മാരെ അവനെ അനുഗമിപ്പാൻ വിളിച്ചത്. അവരുടെ സകല കല്പനകളെക്കാളും കൂടുതൽ പ്രധാനം യേശുവിനോടൊത്ത് ആയിരിക്കുന്നതാണെന്ന് നിർദ്ദേശിക്കുന്ന മൗലികമായ ഒരു വിളി റബ്ബിമാർക്ക് ഒരിക്കലും ഭാവന ചെയ്യാൻപോലും ആകില്ലായിരുന്നു. യേശുവിന്റെ ശിഷ്യന്മാരെന്ന നിലയ്ക്ക്, നമുക്ക് സകല മനുഷ്യരോടും ബഹുമാനമുണ്ടെന്ന് മാത്രമല്ല, പിന്നെയോ സകലർക്കും വികസിക്കുവാനും വളരുവാനുമുള്ള തരത്തിൽ ഒരിടം ഉണ്ടാകുന്നതിനായി പ്രവർത്തിക്കുകയും ചെയ്യാം.

അതിനാൽ, സകല ക്രിസ്തീയ വിദ്യാഭ്യാസവും ഈ ദൗത്യത്തിന്റെ ബോധ്യം ഉൾപ്പെടുത്തണം, ഉദ്ദേശ്യത്തിന്റെയും, ഒരു ഉപജീവനത്തിനായി മാത്രമല്ല പിന്നെയോ നമ്മുടെ സ്വന്തം മേഖലയിൽ അവന്റെ കാൽച്ചുവടുകളെ പിന്തുടർന്ന് ആവശ്യത്തിലുള്ളവരെ ശുശ്രൂഷിക്കുവാനും അവരുമായി സുവിശേഷത്തിന്റെ സുവാർത്ത പങ്കുവെയ്ക്കുവാനും യേശു നമ്മെ വിളിക്കുന്ന പ്രവൃത്തി ചെയ്യുവാൻ.

## സത്യം അന്വേഷിക്കുന്നു

ആധുനിക ഊർജ്ജതന്ത്രത്തിന്റെ പിതാവെന്ന് കരുതപ്പെടുന്ന ആൽബർട്ട് ഐൻസ്റ്റീൻ എഴുതി: "പ്രധാനപ്പെട്ട കാര്യം ഒരിക്കലും ചോദ്യം ചോദിക്കുന്നത് നിർത്താതിരിക്കുക എന്നതാണ്. ജിജ്ഞാസയ്ക്ക് അതിന്റേതായ നിലനില്പിന്റെ കാരണമുണ്ട്. യാഥാർത്ഥ്യത്തിന്റെ അത്ഭുതകരമായ ഘടനയെക്കുറിച്ചും, ജീവിതത്തെക്കുറിച്ചും, നിത്യതയുടെ മർമ്മങ്ങളെക്കുറിച്ചും ഒരുവൻ ധ്യാനിക്കുമ്പോൾ ഭയഭക്തിയല്ലാതെ മറ്റൊന്നുമില്ല. എല്ലാ ദിവസവും ഈ മർമ്മത്തിന്റെ ഒരല്പം മനസ്സിലാക്കാൻ മാത്രം ഒരുവൻ ശ്രമിക്കുകയാണെങ്കിൽ അതു മതി. വിശുദ്ധമായ ഒരു ജിജ്ഞാസ ഒരിക്കലും നഷ്ടമാക്കരുത്."

നാം ഉറപ്പായും മർമ്മങ്ങളുടേതായ ഒരു ലോകത്തിലാണ്, അല്ലേ? നിലനില്പിന്റെ എല്ലാ തലങ്ങളിലും നിലനില്ക്കുന്ന ഒരു അവിശ്വസനീയമായ സങ്കീർണത ആധുനിക ശാസ്ത്രം നമ്മെ കാണിച്ചിട്ടുണ്ട്. വെറും ഭൗതികമായ കാര്യങ്ങൾക്ക് അങ്ങനെയാണെങ്കിൽ, ആത്മീയ കാര്യങ്ങൾക്ക് എത്രയധികം?

**ഉത്തരങ്ങൾക്കും സത്യത്തിനു വേണ്ടിയുള്ള അന്വേഷണത്തെക്കുറിച്ചും തുടർന്നുള്ള വാക്യങ്ങൾ എന്തു പഠിപ്പിക്കുന്നു?**

**യിരെ. 29:13; മത്തായി 7:7; അ. പ്ര. 17:26,27; സങ്കീ. 25:5; യോഹ. 16:13; 17:17.**

നമ്മളിൽ ഓരോരുത്തരെയുംപോലെതന്നെ ജിജ്ഞാസയുള്ള ആളുകളുടെ കഥകളാണ് വേദപുസ്തകം നിറയെ – സന്തോഷങ്ങളും, പ്രത്യാശകളും, ചോദ്യങ്ങളും ഉള്ള സ്ത്രീകളും പുരുഷന്മാരും, അവരുടേതായ സ്വന്തം രീതിയിൽ സത്യം അന്വേഷിക്കയും ജീവിതത്തിന്റെ ബുദ്ധിമുട്ടേറിയ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തേടുകയും ചെയ്യുന്ന മനുഷ്യർ.

"അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല" (സഭാപ്രസംഗി 3:11). ശലോമോൻ എന്താണ് ഇവിടെ അർത്ഥമാക്കുന്നത്? എബ്രായ പദം 'ഓലാം' എന്നതിനെ "നിത്യത" എന്നും മറ്റുള്ളവർ ഭൂതത്തെയും ഭാവിയെയും സംബന്ധിച്ച ബോധം എന്നും. അങ്ങനെയെങ്കിൽ, ഈ വാക്യാനുസരണം, ഭാവിയെയും ഭൂതത്തെയും സംബന്ധിച്ച ഒരു ബോധം ദൈവം മനുഷ്യമനസ്സിലും ഹൃദയത്തിലും വച്ചിരിക്കുന്നു, നിത്യത തന്നെ. അതായത് മനുഷ്യരെന്ന നിലയിൽ, നമ്മുടെ നിലനില്പിനെക്കുറിച്ച് പൊതുവിലും ജീവിതത്തെക്കുറിച്ചും ഉള്ള "വലിയ ചോദ്യങ്ങൾ" എന്ന് വിളിക്കുന്ന കാര്യങ്ങൾ നമുക്ക് ചിന്തിക്കാനാകുന്നു.

കൂടാതെ, നിശ്ചയമായും, ഇവിടെയാണ് തിരുവെഴുത്ത് മുഖ്യ പങ്ക് വഹിക്കുന്നത്. നാം ആരാണ്? നാം എന്തിന് ഇവിടെ ആയിരിക്കുന്നു? നാം എങ്ങനെ ജീവിക്കണം? നാം മരിക്കുമ്പോൾ എന്ത് സംഭവിക്കുന്നു? എന്തുകൊണ്ടാണ് കഷ്ടപ്പാടും തിന്മയും ഉള്ളത്? ചരിത്രം രേഖപ്പെടുത്തപ്പെട്ടതിന്റെ ആരംഭം മുതൽ സത്യാന്വേഷികൾ ചോദിക്കുന്ന ചോദ്യങ്ങളാണ് ഇവ. ഈ അന്വേഷകരെ ചില ഉത്തരങ്ങളിലേക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് എത്ര വലിയ പദവിയും ഉത്തരവാദിത്വവുമാണ്. ദൈവവചനത്തിൽ കാണുന്നതുപോലെ ഈ ഉത്തരങ്ങളിലേക്ക് മനുഷ്യരെ ചൂണ്ടിക്കാണിക്കാൻ കഴിയുന്നില്ല എങ്കിൽ എന്താണ് ക്രിസ്തീയ വിദ്യാഭ്യാസം?

**ജീവിതത്തിന്റെ വലിയ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ എന്തുകൊണ്ടാണ് തിരുവെഴുത്തുകൾ പ്രധാന പങ്ക് വഹിക്കണം?**

## നമ്മുടെ ജീവിതങ്ങൾ പങ്കുവെയ്ക്കുന്നു

1 തെസ്സലൊനീക്യർ 2:6–8 വായിക്കുക.

നമ്മുടെ സഭകളിലും പാഠശാലകളിലും നാം പ്രതിഫലിപ്പിക്കേണ്ടതും നമുക്ക് കഴിയുന്നതുമായ എന്തിനെക്കുറിച്ചാണ് പൗലൊസ് ഇവിടെ പറയുന്നത്?

സമൂഹത്തിലെ സമുദായത്തിന്റെ തകർച്ച നേരിട്ട്, നാം ഇന്ന് ജീവിക്കുന്നത് സഭയെ സംബന്ധിച്ച് വേദപുസ്തകപരമായ തിരിച്ചറിവ് ഏറെ പ്രസക്തമായ ഒരു കാലഘട്ടത്തിലാണ്.

മത്തായി 18:20 നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ: "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്." ഒരു സമുദായവും സഭയും എന്താകുന്നു എന്നതിനെക്കുറിച്ചുള്ള പുതിയനിയമ ദർശനം പ്രാഥമികമായി രൂപം പ്രാപിച്ചത് വിശ്വാസികളുടെ ഭവനങ്ങളിലാണ്. ഇവിടെയാണ് സമുദായം ചെറിയ കൂട്ടങ്ങളായി വന്ന് പ്രാർത്ഥിക്കുകയും, പാടുകയും, തിരുവത്താഴം കൈക്കൊള്ളുകയും, യേശുവിന്റെ വചനങ്ങൾ പഠിക്കുകയും അന്യോന്യം പങ്കുവെയ്ക്കുകയും ചെയ്തത്.

ഈ ആരാധനാക്കൂട്ടങ്ങൾ ആദ്യത്തെ സഭാ പാഠശാലകളായി തീരുകയും ചെയ്തു, കാരണം ഇവിടെയാണ് പുതിയ അംഗങ്ങളെ യേശുവിൽ കണ്ടെത്തുന്ന ഈ പുതിയ ജീവിതത്തിലേക്കും വേദപുസ്തകത്തിനും പരിചയപ്പെടുത്തിയത്. റോമർ 12:2 പോലെയുള്ള പൗലൊസിന്റെ എഴുത്തുകൾ, "ഈ ലോകത്തിന് അനുരൂപമാകാതെ... മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ," സൂചിപ്പിക്കുന്നത് സഭ വിദ്യാഭ്യാസത്തിന്റെ ഈ വേല വളരെ ഗൗരവമായി എടുത്തു എന്നാണ്. സമുദായത്തിലാണ് സുവിശേഷം ശരിയായി ജീവിച്ചു തീർക്കാനാകുക എന്ന് ഈ ആദിമ വിശ്വാസികൾ വേഗത്തിൽ കണ്ടെത്തി. ഒരു സമുദായത്തിൽ കൂടുതൽ ഉറക്കെ പാടാനും, കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കാനും, കൂടുതൽ കരുതലും ആർദ്രതയും കാണിക്കുവാനും നമുക്ക് കഴിയും. ദൈവത്തിന്റെ നന്മയെക്കുറിച്ച് മറ്റുള്ളവർ സംസാരിക്കുന്നത് കേൾക്കുമ്പോൾ, അവൻ നമ്മോട് എത്ര നല്ലവനായിരുന്നുവെന്ന് നമുക്ക് ബോധ്യമാകും.

ഇന്നത്തെ പുസ്തകഭാഗത്ത്, ദൈവത്തിന്റെ സുവിശേഷമാണ് സകലതും എന്ന് പൗലൊസ് ഊന്നിപ്പറയുന്നു: ക്രൂശിന്റെ ശക്തി, കർത്താവിന്റെ ഉയിർപ്പ്, അവന്റെ തിരിച്ചുവരവിനുള്ള വാഗ്ദത്തം. ലോകത്താകമാനം ഇതിനെക്കാൾ മെച്ചമായ ഒരു വാർത്തയില്ലായിരുന്നു, പൗലൊസ് ഏറ്റവും വലിയ സമർപ്പണത്തോടും സത്യസന്ധതയോടും കൂടി യേശുവിന്റെ കഥ പങ്കുവെയ്ക്കുന്നത് ഏറ്റവും വലിയ വെല്ലുവിളിയായി എടുത്ത് തന്റെ ജീവിതം ചിലവഴിച്ചു.

എന്നിട്ടുകൂടി, ഇവിടെ പൗലൊസ് നിർദ്ദേശിക്കുന്നത് സുവിശേഷത്തിന്റെ ദൂത് ഏറ്റവും നന്നായി മനസ്സിലാക്കുകയും, ഏറ്റവും നന്നായി അനുഭവപ്പെടുകയും ചെയ്യുന്നത്, ജീവിതം ഒരുമിച്ച് പങ്കുവെയ്ക്കുന്ന പ്രവൃത്തിയിലൂടെയാണെന്നാണ്. വേദപുസ്തകത്തിൽ കാണപ്പെടുന്ന കൃപയുടെ സന്ദേശം നമ്മുടെ ജീവിതങ്ങളിൽ പ്രദർശിപ്പിക്കപ്പെടുന്നുണ്ടോ എന്ന് കാണാൻ ജനങ്ങൾ നമ്മെ നോക്കിക്കൊണ്ടിരിക്കയാണെന്ന കാര്യം നാം ഒരിക്കലും മറക്കരുത്.

**നിങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുക, എന്നിട്ട് നിങ്ങൾ തന്നെ ചോദിക്കുക: എനിക്ക് ചുറ്റുമുള്ളവർക്ക് ഞാൻ എപ്രകാരമുള്ള സാക്ഷിയാണ്?**

## കൂടുതൽ ചിന്ത

"ലൗകിക മഹത്വത്തിന്റെ പ്രത്യാശയെ ക്രിസ്തു നിരാശപ്പെടുത്തി. മലമുകളിലെ പ്രസംഗത്തിൽ അവൻ ശ്രമിച്ചത് വ്യാജവിദ്യാഭ്യാസത്താൽ വന്നു ചേർന്ന പ്രവൃത്തിയെ അഴിക്കുവാനും അവന്റെ കേൾവിക്കാർക്ക് അവന്റെ സ്വന്തം സ്വഭാവത്തെക്കുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും ഒരു ശരിയായ മാനസിക ചിത്രം നൽകാനുമാണ്. എന്നിരുന്നാലും അവൻ ജനങ്ങളുടെ തെറ്റിനുമേൽ നേരിട്ടൊരു ആക്രമണം നടത്തിയില്ല. പാപം മുഖാന്തരമുള്ള ലോകത്തിന്റെ ദുരിതത്തെ അവൻ കണ്ടു, എന്നിട്ടും അവരുടെ നികൃഷ്ടതയുടെ വ്യക്തമായ ഒരു രൂപരേഖ അവൻ അവരുടെ മുമ്പിൽ അവതരിപ്പിച്ചില്ല. അവർ അറിഞ്ഞതിനെക്കാൾ അനന്തമായി മെച്ചമായ ഒന്നിനെക്കുറിച്ച് അവൻ അവരെ പഠിപ്പിച്ചു. ദൈവരാജ്യത്തെക്കുറിച്ചുള്ള അവരുടെ ആശയങ്ങളുമായി പൊരുതാതെ, അവിടേക്കുള്ള പ്രവേശനത്തിന്റെ വ്യവസ്ഥകളെക്കുറിച്ച് അവൻ അവരോട് പറഞ്ഞു, അതിന്റെ പ്രകൃതത്തെക്കുറിച്ച് അവരുടേതായ നിഗമനങ്ങളിലെത്താൻ അവൻ അവരെ അനുവദിച്ചു. അവൻ പഠിപ്പിച്ച സത്യങ്ങൾ അവനെ പിന്തുടർന്ന ജനക്കൂട്ടത്തിനും നമുക്കും പ്രാധാന്യമുള്ളതാണ്. അവരെപ്പോലെതന്നെ ദൈവരാജ്യത്തിന്റെ അടിസ്ഥാന തത്വങ്ങൾ നാമും പഠിക്കേണ്ടതുണ്ട്." - E. G. White, The Desire of Ages, p. 299.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **ലോകത്തിലേക്ക് എത്തിച്ചേരുന്നതിന് സഭ ദൈവവുമായി പങ്കാളിയാകണമെങ്കിൽ, നാം യേശുവിന്റെ ശുശ്രൂഷയും വാക്കുകളും പുണരേണ്ടതുണ്ട്. അവതാരത്തിന്റെ ശരിയായ യാഥാർത്ഥ്യം - ദൈവം നമ്മിലേക്ക് വരുന്നത്, നമ്മുടെ ലോകത്തിൽ ജീവിക്കുവാൻ, നമ്മോടൊത്ത് കഷ്ടപ്പെടാനും, ചിരിക്കാനും, കരയാനും - നമ്മെ ഓർപ്പിക്കുന്നത് നാം നമുക്ക് ചുറ്റുമുള്ളവരെ കരുതാനായി വിളിക്കപ്പെട്ടിരിക്കയാണ് എന്നതാണ്. നിങ്ങൾ ഇത് എങ്ങനെ ചെയ്യും? നിങ്ങളുടെ സഭയിലെ യുവജനങ്ങളെ ഈ വേലയിൽ സഹായിക്കാനായി എങ്ങനെ ഏർപ്പെടുത്തും?**
2. **നമുക്ക് നൽകപ്പെട്ടിട്ടുള്ള ആശ്ചര്യകരമായ സത്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ചിന്തിക്കുക. ഈ സത്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് പ്രാദേശിക സഭ ഒരു മുഖ്യ പങ്ക് എങ്ങനെ വഹിക്കണം, എങ്ങനെ വഹിക്കാൻ കഴിയും? അതേ സമയം, അവയെക്കുറിച്ച് കഠിനമായ ചോദ്യങ്ങൾ ചോദിക്കുന്നവരുമായി ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ സഭ ഒരു സുരക്ഷിതമായ ഇടമായിരിക്കാൻ എങ്ങനെ കഴിയും? ഗൗരവമേറിയ ചോദ്യങ്ങൾ സംബോധന ചെയ്യുന്നതിനുള്ള ഒരു ചുറ്റുപാട് സൃഷ്ടിക്കുവാൻ നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും?**
3. **നിങ്ങൾ ജീവിക്കുന്ന സമൂഹത്തിലെ സാംസ്കാരിക വേർതിരിവുകളെക്കുറിച്ച് ക്ലാസിൽ സംസാരിക്കുക. ആ വ്യത്യാസങ്ങളെ അതിജീവിച്ച് പകരം തിരുവെഴുത്തുകളുടെ ഉപദേശങ്ങളെ മറ്റുള്ളവരെ പഠിപ്പിക്കാൻ എന്തെല്ലാം രീതികളിലാണ് നിങ്ങളുടെ സഭയ്ക്ക് കഴിയുക?**

* * *